പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7807 15.07.2014-ൽ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ

**ചോദ്യം**

ശ്രീ. എം. ഉമ്മർ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ ഉന്നമനം ലക്ഷ്യംവച്ച് 2001 മുതൽ എത്ര പഠനങ്ങൾ നടന്നിട്ടുണ്ട്; | (എ) | 1. കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പഠനം നടത്തുന്നതിനായി സർക്കാർ ഒരു ഹൈപവർ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 32 ശുപാർശകളടങ്ങിയ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. (2003)<br>2. മേൽ പഠന റിപ്പോർട്ടിലെ ശുപാർശ പ്രകാരം, കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നത് (Organizational Restructuring) സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.<br>3. സാമ്പത്തികവും, മാനേജ്മെന്റ് തലത്തിലുള്ള പ്രതിസന്ധിയിൽ നിന്ന് കോർപ്പറേഷനെ കരകയറ്റുന്നതിനായി ശ്രീ.സുശീൽ ഖന്ന 2006-ൽ പഠനം നടത്തിയിട്ടുണ്ട്.<br>4. കെ.എസ്.ആർ.ടി.സി.യെ സാമ്പത്തികമായി പുനരുജ്ജീവിപ്പിച്ച്, പുനരുദ്ധരിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ 2012 ജനുവരി മാസം നിയോഗിക്കുകയും ടി സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ? | (ബി) | പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ശേഖരിച്ച് ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ